കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- നഗരകാര്യ വകുപ്പിൽ എൽ.ഡി. ക്ളർക്കായ ശ്രീമതി.വി.അഞ്ജലിദേവിയുടെ എൽ.ഡി.ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2732/2017/തസ്വഭവ. തീയതി, തിരുവനന്തപുരം. 07.08.2017

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 06.05.2017 തിയതിയിലെ ഇ 1-747/17 നമ്പർ കത്ത്.
2. നഗരകാര്യ ഡയറക്ടറുടെ 20.07.2017 തിയതിയിലെ ഇ 1-747/17 നമ്പർ ഉത്തരവ്.

ഉത്തരവ്

മുനിസിപ്പൽ കോമൺസർവ്വീസിൽ എൽ.ഡി.ക്ളർക്ക് തസ്തികയിൽ 10.11.2004 ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.വി.അഞ്ജലിദേവി ടി തസ്തികയിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനാവശ്യമായ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായിട്ടില്ല. ടിയാൾക്ക് 27.05.2016 ന് 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതായും ആയതിനാൽ ടിയാൾ പ്രൊബേഷൻ പൂർത്തിയാകാതെ സേവനത്തിൽ തുടരുന്നതിന് സാധൂകരണം നൽകി ജനനത്തീയതി 28.05.1966 ആയ ടിയാളുടെ പ്രൊബേഷൻ 28.05.2016 ന് ഡിക്ലയർ ചെയ്യാൻ കഴിയുമാറ് പ്രൊബേഷൻ കാലയളവ് 29.05.2016 വരെ ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 10.11.2004 ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.വി.അഞ്ജലിദേവിയുടെ നിരീക്ഷണകാലം, ടിയാൾ രണ്ടുവർഷ ഡ്യൂട്ടി പൂർത്തിയാക്കിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 10.11.2006 മുതൽ 09.11.2007 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു പരാമർശം 1 പ്രകാരം നഗരകാര്യ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ, ശ്രീമതി.വി.അഞ്ജലിദേവിക്ക് 28.05.2016 ന് 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ നിരീക്ഷണകാലം 29/05/2016 FN ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കുമാറ്, ടിയാളുടെ നിരീക്ഷണകാലം നഗരകാര്യഡയറക്ടർ ദീർഘിപ്പിച്ചുനൽകിയ ദിവസത്തിന്റെ

തൊട്ടടുത്ത ദിവസമായ 10.11.2007 മുതൽ 30/05/2016 വരെ KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

എസ് മോഹൻദാസ്
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ.ശ്രീമതി.വി.അഞ്ജലിദേവി, എൽ.ഡി.ക്ലാർക്ക്, നഗരകാര്യ വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ